LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 13, ചൊവ്വ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2004 ജൂലൈ മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ-301.

മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ്‌ലാന്റിംഗ് സെന്ററുകളും സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ ഉള്ള തീരുമാനം

*1 [301] ശ്രീ. എം. കുമാരൻ:

„ കെ. പി. രാജേന്ദ്രൻ:

„ പി. നാരായണൻ:

„ എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ്‌ലാന്റിംഗ് സെന്ററുകളും സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങളും ലാന്റിംഗ് സെന്ററുകളുമാണ് ഇത്തരത്തിൽ പാട്ടത്തിനു നൽകാൻ തീരുമാനിച്ചിട്ടുള്ളത്; പാട്ട വ്യവസ്ഥകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഭാവിയിൽ ഫിഷറീസ് മേഖലയിൽ വികസന പദ്ധതികൾക്കായി പണം ചെലവിടേണ്ടതില്ലെന്ന് എ. ഡി. ബി. വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുണ്ടോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

(ബി ആന്റ് സി) ബാധകമല്ല.

ശ്രീ. എം. കുമാരൻ: ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ഇവിടെ മൽസ്യ മേഖല വികസന പരിപാലന നയത്തിൽ തുറമുഖവുമായി ബന്ധപ്പെട്ട് നിർമ്മാണം, പരിപാലനം എന്നിവയ്ക്ക് ബാധകമല്ല എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ നിലവിലുള്ള തുറമുഖങ്ങളുടെ വികസനത്തിനായി വിദേശ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് വികസനം നടക്കുന്നില്ല. അങ്ങനെ വികസനം നടത്തുമ്പോൾ സംസ്ഥാനത്തെ എത്ര തുറമുഖങ്ങളാണ് വിദേശ ഫണ്ടുപയോഗിച്ച് പരിപാലനം നടത്താൻ ഉദ്ദേശിക്കുന്നത്?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ.വി. തോമസ്): മൽസ്യബന്ധന തുറമുഖങ്ങളോ ലാന്റിംഗ് സെന്ററുകളോ സ്വകാര്യ നിക്ഷേപമോ ഉണ്ടാകില്ല. ഇത് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സംവിധാനങ്ങളായിരിക്കും.

ശ്രീ. എം. കുമാരൻ: സ്വകാര്യ ഫിഷ് ലാന്റിംഗ് സെന്ററുകൾ അവരുടെ നിക്ഷേപം പുനർ നിശ്ചയിച്ച് ഫിഷറീസ് വകുപ്പിന്റെ രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കുമെന്നും സൂചിപ്പിക്കുന്നുണ്ട്. അങ്ങനെ ലൈസൻസും രജിസ്ട്രേഷനും പുതുക്കി നിശ്ചയിക്കുമ്പോൾ ഏതൊക്കെ തരത്തിലുള്ള നിബന്ധനകൾക്ക് വിധേയമായിക്കൊണ്ടാണ് അത് നിശ്ചയിക്കുന്നത്?

പ്രൊഫ. കെ.വി. തോമസ്: നയം നടപ്പിലാക്കി വരുമ്പോൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അഡ്വൈസറി കമ്മിറ്റികളുണ്ടാക്കും. ഈ നയത്തെക്കുറിച്ച് വിശദമായി ഇതിന് രൂപം നൽകിയ കമ്മിറ്റിയുമായിട്ട് സംസാരിക്കുന്നുണ്ട്. ഇതൊക്കെ പരിശോധിച്ചതിനുശേഷം മാത്രമേ നിശ്ചയിക്കുകയുള്ളൂ.

ശ്രീ. കെ.പി. രാജേന്ദ്രൻ: മൽസ്യ ബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് സെന്ററുകളും സ്വകാര്യവൽക്കരിക്കുന്നില്ല എന്ന് അങ്ങിവിടെ സൂചിപ്പിച്ചു. ഇന്നലെ അങ്ങ് സഭയിൽ സംസാരിച്ച നയത്തിലും അതിനെക്കുറിച്ച് വിശദീകരിച്ചിട്ടില്ല എന്നു പറഞ്ഞു. പോർട്ടുമായി ബന്ധപ്പെട്ട് വിഴിഞ്ഞം, മുനമ്പം, ബേപ്പൂർ ഉൾപ്പടെ കേരളത്തിലുള്ള പല പ്രധാനപ്പെട്ട പോർട്ടുകളും മൽസ്യ ബന്ധനവുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ തന്നെയാണ് എന്നതുകൂടി കണക്കിലെടുത്തുകൊണ്ടാണ് ചോദിക്കുന്നത്. വിദേശ നിക്ഷേപം സ്വീകരിച്ചുകൊണ്ട് ഈ പോർട്ടുകളിൽ വികസനത്തിനുവേണ്ടി ചില പദ്ധതികൾ ആവിഷ്ക്കരിക്കുന്നതായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. ഇത് നമ്മുടെ മൽസ്യ ബന്ധനത്തെ എങ്ങനെ ബാധിക്കും? തീരദേശ മേഖലയിലെ മൽസ്യത്തൊഴിലാളികളുടെ തൊഴിൽ, ആഭ്യന്തര ഉൽപ്പാദന രംഗം, മൽസ്യം പിടിക്കുന്നതുൾപ്പടെയുള്ള കാര്യങ്ങൾ ഇവയൊക്കെ പ്രതികൂലമായി ബാധിക്കുമോ? അതിനെക്കുറിച്ച് വിശദീകരിക്കാമോ?

പ്രൊഫ. കെ.വി. തോമസ്: കേരളത്തിൽ കൊമേഴ്സ്യൽ പോർട്ടുകളും ഫിഷിംഗ് ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും ഉണ്ട്. രണ്ടും രണ്ടാണ്. ഇതിൽ ബഹുമാനപ്പെട്ട അംഗത്തിനറിയാവുന്നതുപോലെ ഇൻഡ്യയിൽ ആദ്യത്തെ മോഡൽ ഹാർബർ മുനമ്പത്ത് ആരംഭിക്കും അത് ഒരു സൊസൈറ്റിയുടെ രൂപത്തിലാണ് വരുന്നത്. ജില്ലാകളക്ടർ ചെയർമാനായും ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ മെമ്പർ സെക്രട്ടറിയുമായിട്ടുള്ള ഭരണ സമിതിയായിരിക്കും സൊസൈറ്റി നിയന്ത്രിക്കുന്നത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റേയും ഫിഷറീസ് വകുപ്പിന്റേയും മൽസ്യഫെഡിന്റേയും ഹാർബർ ഉപഭോക്താക്കളുടേയും ഭരണ സമിതിയാണ് ഈ സൊസൈറ്റിയെ നിയന്ത്രിക്കുന്നത്. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ പുതിയ നോംസൊക്കെ വച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഗവൺമെന്റ് ഓഫ് ഇൻഡ്യാ അസിസ്റ്റൻസ് നൽകുന്നുണ്ട്. അത് ഒരു പൈലറ്റ് പ്രോജക്റ്റാണ്. ഇത് വിജയിക്കുന്നതോടുകൂടി നീണ്ടകര, ചോംബാൽ, മാപ്പിളബേ, പുതിയാപ്പ എന്നീ ഹാർബറുകളും ഇതുപോലുള്ള സൊസൈറ്റിയുടെ രൂപ്ത്തിൽ കൊണ്ടുവരികയും പിന്നീട് ആ സൊസൈറ്റികൾക്ക് അപ്പക്സ് ബോഡി ഉണ്ടാക്കുകയും ചെയ്യും. ഇതൊരു പുതിയ സമീപനമാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ: 6,800-ഓളം കോടിരൂപയുടെ വിദേശ നാണ്യവും അതിന്റെ ഇരട്ടിയോളം ആഭ്യന്തര ഉൽപ്പാദനവും നമ്മുടെ രാജ്യത്തിനു നേടിത്തരുന്ന ഒരു മേഖലയാണ് മൽസ്യ മേഖല. ഇതിൽ നല്ലൊരു ശതമാനം ഉൽപ്പാദനവും നമ്മുടെ സംസ്ഥാനത്ത് നിന്നാണ് ഉണ്ടാകുന്നത്. ഇതിൽ പ്രധാന പങ്ക് വഹിക്കുന്നത് മൽസ്യത്തൊഴിലാളികളാണ്. കടലിൽപ്പോയി മൽസ്യം പിടിക്കുന്ന—ജീവൻ പണയപ്പെടുത്തി മൽസ്യം പിടിക്കുന്ന—തൊഴിലാളികൾക്ക് കാലവർഷക്കെടുതികളും, പ്രളയവും കടൽ ക്ഷോഭവും ഒക്കെയുണ്ടാകുന്ന സന്ദർഭത്തിൽ വളരെയേറെ കഷ്ട നഷ്ടങ്ങളാണ് ഉണ്ടാകുന്നത്. ഈ വർഷം ഉണ്ടായ കടൽ ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവരുടേയും വള്ളവും വലയും നഷ്ടപ്പെട്ടവരുടേയും സംഖ്യ വളരെ വലുതാണെന്നാണ് ഇവിടെ സഭയിൽ കഴിഞ്ഞ ദിവസം സൂചിപ്പിച്ചത്. ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ വീട് നഷ്ടപ്പെട്ടവർക്ക് വീട്, ഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി, വീടുവയ്ക്കാൻ ആവശ്യമായ മറ്റ് ജീവനോപാധിക്കു വേണ്ട സൗകര്യങ്ങൾ, സഹായങ്ങൾ തുടങ്ങി കഴിഞ്ഞ കൊല്ലം പ്രഖ്യാപിച്ച ഒന്നും തന്നെ മൽസ്യത്തൊഴിലാളികൾക്ക് നൽകിയിട്ടില്ല എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ കൊടുക്കാനായി സർക്കാർ നടപടി സ്വീകരിക്കുമോ?

പ്രൊഫ. കെ.വി. തോമസ്: ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ലെങ്കിലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുകൊണ്ട് മറുപടി പറയാൻ ആഗ്രഹിക്കുകയാണ്. 20 വർഷത്തിനുള്ളിൽ ഏറ്റവും വലിയ കടൽക്ഷോഭമാണ് കഴിഞ്ഞ മേയ് മാസം മുതൽ തുടങ്ങിയത്. അതിനെത്തുടർന്ന് കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അത് അസസ് ചെയ്യുന്നതിന് റവന്യൂ ഡിപ്പാർട്ടുമെന്റും ഫിഷറീസ് ഡിപ്പാർട്ടുമെന്റും സംയുക്തമായി കെ.കെ. വിജയകുമാർ മോണിറ്റർ ചെയ്യുന്ന ഒരു ഭരണ സംവിധാനം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 30-ാം തീയതി വരെയുള്ള നാശ നഷ്ടങ്ങൾ റവന്യൂ ഡിപ്പാർട്ടുമെന്റും, ഫിഷറീസ് ഡിപ്പാർട്ടുമെന്റും കൂടി കണ്ടെത്തിയിട്ടുണ്ട്. അതിന് ഒരു ടോട്ടൽ പാക്കേജ് വരുന്നുണ്ട്. ആ പാക്കേജ് ക്യാബിനെറ്റിൽ സമർപ്പിക്കും. വീടുകൾ നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികളുണ്ട്, ഉപകരണങ്ങൾ നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികളുണ്ട്, റോഡുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിനെല്ലാം കൂടി ആ പാക്കേജിന്റെ അടിസ്ഥാനത്തിൽ ഒരു ടോട്ടൽ പാക്കേജ് കൊണ്ടുവരാനാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. പി. നാരായണൻ: എന്റെ നിയോജക മണ്ഡലത്തിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. അക്കാര്യം വളരെ നന്ദിയോടുകൂടി ഞാൻ പറയുകയാണ്. എന്റെ ചോദ്യം നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട മൽസ്യബന്ധന തുറമുഖങ്ങളേയും ഫിഷ് ലാന്റിംഗ് സെന്ററുകളേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു ഫിഷറീസ് ഹൈവേ സ്ഥാപിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? എങ്കിൽ അതിന്റെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ? ഈ പ്രോജക്റ്റ് ആരാണ് തയ്യാറാക്കുന്നതെന്നു കൂടി ബഹുമാനപ്പെട്ട മന്ത്രി പറയണമെന്ന് ആഗ്രഹിക്കുകയാണ്.

പ്രൊഫ. കെ. വി. തോമസ്: ഫിഷറീസ് ഹൈവേ നമ്മുടെ പ്രധാനപ്പെട്ട മൽസ്യ ബന്ധന മേഖലകളും ഗ്രാമങ്ങളും ബന്ധപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ തുടക്കം എന്ന നിലയിൽ ഫോർട്ട് കൊച്ചി മുതൽ ആലപ്പുഴ തോട്ടപ്പള്ളി വരെ ഞങ്ങൾ പഠനം നടത്തുകയുണ്ടായി. അതിന്റെ ആദ്യ ഘട്ടമായി ഫോർട്ട് കൊച്ചി മുതൽ തെക്കേ ചെല്ലാനം വരെ റോഡ് പണിയാൻ ഉദ്ദേശിക്കുന്നു. ബഹുമാനപ്പെട്ട പ്രതാപനൊക്കെ സൂചിപ്പിച്ചതുപോലെ വൈപ്പിനിൽ നിന്നും മുനമ്പം വരെയും മുനമ്പത്തുനിന്ന് ചേറ്റുവ ഉൾപ്പെടെ വടക്കോട്ടുള്ള സെക്കന്റ് സ്റ്റേജ് ആരംഭിക്കുകയും ചെയ്യും.

ശ്രീ. പി. നാരായണൻ: മൽസ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലാളികൾ അവർ മൽസ്യബന്ധനത്തിനിടയിൽ മരണപ്പെട്ട് പോകുകയാണെങ്കിൽ മരണപ്പെട്ടു പോയതിന്റെ മുഴുവൻ ഡോക്യുമെന്റ്സുമായി ബന്ധപ്പെട്ട ഓഫീസിൽ ചെല്ലുമ്പോൾ മരണപ്പെട്ട് പോയതിന് കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടുന്നതിന് വളരെയധികം കാലതാമസം വരുന്നുണ്ട്. ഇത് മാറ്റുന്നതിന് എന്തെങ്കിലും നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രൊഫ.കെ.വി.തോമസ്: രജിസ്റ്റേർഡ് മൽസ്യത്തൊഴിലാളികളാണെങ്കിൽ അവർക്ക് രണ്ടര ലക്ഷം രൂപവരെയുണ്ട്. അതിൽ ഒരു ലക്ഷം ഇൻഷ്വറൻസ് കമ്പനികളാണ് കൊടുക്കുന്നത്. ഇൻഷ്വറൻസ് കമ്പനികൾക്ക് ചില നിയമങ്ങളുണ്ട്. പ്രത്യേകിച്ച് പോസ്റ്റുമോർട്ടം നടത്തിയിട്ട് ഹാർട്ട് അറ്റാക്കാണെന്നു പറഞ്ഞാൽ ഇൻഷ്വറൻസ് കമ്പനികൾ കൊടുക്കില്ല. അതുകൊണ്ട് ഞങ്ങളിപ്പോൾ ഇൻഷ്വറൻസ് കമ്പനികളുമായിട്ട് ചർച്ച നടത്തി വരികയാണ്. മൽസ്യത്തൊഴിലാളികൾ മരിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

അത് എന്തു കാരണംകൊണ്ടായാലും ഒരു ലക്ഷം രൂപ കൊടുക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. രജിസ്ട്രേഷനുള്ള മൽസ്യത്തൊഴിലാളി അല്ലെങ്കിലും അൻപതിനായിരം രൂപ ഇമ്മീഡിയറ്റായിട്ട് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ മൽസ്യത്തൊഴിലാളിയെ കാണാതായാൽ ഇപ്പോഴുള്ള നിയമ മനുസരിച്ച് ഏഴു വർഷക്കാലം കാത്തിരിക്കണം. അതിനു പകരം ഒരു മാസത്തി നുള്ളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ ഇരുപത്തയ്യായിരം രൂപ ഇമ്മീഡിയറ്റാ യിട്ട് കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. എൻ. രാജൻ: ഭരണ നവീകരണ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ മൽസ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് സെന്ററുകളും യൂറോപ്യൻ സാമ്പത്തിക യൂണിയന്റെ നിലവാരത്തിനനുസരിച്ച് ചില ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്താൽ ഉയർത്തുവാൻ ഉദ്ദേശിക്കുന്നുവെന്നറിയുന്നു. ആ നവീകരണ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

പ്രൊഫ. കെ. വി. തോമസ്: ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ ഇന്ത്യയിൽ നിന്ന് ഏകദേശം 7,000 മുതൽ 8,000 കോടിരൂപയുടെവരെ മൽസ്യങ്ങളാണ് എക്സ്പോർട്ട് ചെയ്യുന്നത്. അതിൽ കേരളത്തിന്റെ വിഹിതം ഏകദേശം 3,000 കോടിരൂപയാണ്. പ്രധാനമായും യൂറോപ്പിലേയ്ക്കും അമേരിക്കയി ലേയ്ക്കുമാണ് കയറ്റുമതി ചെയ്യുന്നത്. വളരെ സ്ട്രിക്റ്റായിട്ടുള്ള ക്വാളിറ്റി മെഷേഴ്സ് ആണ് ഇപ്പോഴുള്ളത്. മൽസ്യം പിടിക്കുന്ന പോയിന്റ് മുതൽ, ലാന്റിംഗ് സെന്റേഴ്സ്, പ്രോസസിംഗ് സെന്റേഴ്സ് തുടങ്ങി എക്സ്പോർട്ട് വരെ ക്വാളിറ്റി നിലവാരം നിലനിർത്തിയേ പറ്റൂ. ഈ സാഹചര്യത്തിലാണ് ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ലാന്റിംഗ് സെന്ററുകൾ മോഡേണൈസ് ചെയ്യാൻ തീരുമാനിച്ചത് ഇന്ത്യയിലെ ആദ്യത്തെ പൈലറ്റ് പ്രോജക്ട് ആരംഭിക്കുന്നത് മുനമ്പത്താണ്. അതിന് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്.

ശ്രീ. എൻ. രാജൻ: ഫിഷ് ലാന്റിംഗ് സെന്ററുകളുടെ മോഡേണൈസേഷന്റെ ഭാഗമായി ഒരു വിദഗ്ദ്ധ സംഘം 60 ലാന്റിംഗ് സെന്ററുകൾ തെരഞ്ഞെടുത്തതായിട്ടും മുൻഗണനാ ക്രമമനുസരിച്ച് 15 എണ്ണം നവീകരിക്കുന്നുവെന്നും പറയുന്നു. അതിന് ഈ പറയുന്ന ധനകാര്യ സാമ്പത്തിക സഹായമോ വിദേശസാമ്പത്തിക സഹായമോ എന്തെങ്കിലും ആലോചിക്കുന്നുണ്ടോ? അങ്ങനെ ആലോചിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പ്രൊഫ. കെ. വി. തോമസ്: ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഒരു സൊസൈറ്റി രൂപീകരിക്കും, ലാന്റിംഗ് സേന്റേഴ്സും ഫിഷിംഗ് ഹാർബറുകളും മോഡേണൈസ് ചെയ്തുകഴിഞ്ഞാൽ നിയന്ത്രിക്കും. ഇപ്പോഴത്തെ സ്ഥിതി ഫിഷിംഗ് ഹാർബേഴ്സിലേയും ലാന്റിംഗ് സെന്റേഴ്സിലേയും റവന്യൂ നേരെ ഫൈനാൻസി ലേയ്ക്കാണ് പോകുന്നത്. അതുകൊണ്ടാണ് കഴിഞ്ഞ 10 വർഷമായി നമുക്ക് പല ഹാർബറിലും ലാന്റിംഗ് സെന്റേഴ്സിലും മണൽതിട്ടകൾ മാറ്റാൻ കഴിയാത്തത്. അതുകൊണ്ട് ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ പുതിയ പ്രോജക്ടുണ്ടാക്കി അതിൽ സൊസൈറ്റിക്ക് രൂപം നൽകും ഇതൊരു ജനകീയ പ്രസ്ഥാനമാണ്. അങ്ങനെ വന്നുകഴിയുമ്പോൾ നമുക്ക് സമയബന്ധിതമായി ലാന്റിംഗ് സെന്ററുകളും ഫിഷിംഗ് ഹാർബറുകളും മോഡേണൈസ് ചെയ്യാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഈ ചോദ്യത്തിന് വലിയ പ്രസക്തിയില്ലാതെയാണ് ചോദിച്ചിരിക്കുന്നത്. എന്നാലും ചോദിക്കട്ടെ. കേന്ദ്ര ഗവണ്മെന്റിലേയ്ക്ക് നമ്മൾ കുറച്ച് ഫിഷ് ലാന്റിംഗ് സെന്ററുകളുടേയും മിനി ഹാർബറുകളുടേയും ലിസ്റ്റ് കൊടുത്തിരുന്നു. അപ്രൂവ് ചെയ്തതാണ്. ചേർത്തല, ചെല്ലാനം, ചേറ്റുവ ഉൾപ്പെടെയുള്ളതാണ്. ആറേഴണ്ണം അപ്രൂവ് ചെയ്തിട്ടുണ്ട്. വർക്ക് എക്സിക്യൂട്ട് ചെയ്യേണ്ടത് ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റാണ്. അവർ വളരെ സ്ലോയാണ്. അതുകൊണ്ട് എനിക്ക് ചോദിക്കാനുള്ളത്, കേന്ദ്ര ഗവണ്മെന്റിന്റെ അനുമതിയുള്ള ചെല്ലാനം ഉൾപ്പെടെയുള്ള മിനി ഹാർബറുകളുടെ പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പ്രൊഫ. കെ. വി. തോമസ്: ലാന്റിംഗ് സെന്ററുകളെ സംബന്ധിച്ചിടത്തോളം ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. അതോടൊപ്പം തന്നെ മൽസ്യഫെഡിന്റെ നിയന്ത്രണത്തിലും കൂടി ലാന്റിംഗ് സെന്ററുകൾ ഉണ്ടാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മൽസ്യഫെഡുകൾ തുടങ്ങുന്ന ലാന്റിംഗ് സെന്ററുകൾ ഹഡ്കോയുടെ സാമ്പത്തികസഹായത്തോടുകൂടി ഒരു സെൽഫ് സസ്റ്റെയിനിംഗ് യൂണിറ്റായിട്ടാണ് മാറ്റുന്നത്. ചെല്ലാനം ആറു മാസത്തിനുള്ളിൽ തുടങ്ങാൻ കഴിയുന്ന വിധത്തിൽ വളരെ വേഗത്തിലാണ് അതിന്റെ കാര്യങ്ങൾ നീങ്ങുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എന്റെ നിയോജകമണ്ഡലമായ തലശ്ശേരിയിൽ അയ്യായിരത്തോളം മൽസ്യത്തൊഴിലാളികളുണ്ട്. അവിടെ കടൽക്ഷോഭം വരുമ്പോൾ എപ്പോഴും മൽസ്യത്തൊഴിലാളികൾ വലിയ പ്രയാസമനുഭവിക്കുന്നുണ്ട്. ഇതിന് ഒരു പരിഹാരം കാണാനാണ് തലശ്ശേരിയിലെ തലായിയിൽ ഫിഷിംഗ് ഹാർബറിന് പ്രൊപ്പോസലുണ്ടാക്കുകയും കഴിഞ്ഞ ഭരണകാലത്ത് അതിനാവശ്യമായ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുകയും അവിടത്തേയ്ക്കുള്ള തുക നൽകുകയുമൊക്കെ ചെയ്തത്. പക്ഷെ, അതിന് കേന്ദ്രാനുമതി കിട്ടിയില്ല എന്ന കാരണത്താൽ ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ട് എന്ന് എനിക്കറിയാം. ഏതു വകുപ്പ് പോയാലും മൽസ്യത്തൊഴിലാളികളുടെ കാര്യമായതുകൊണ്ട് താൽപ്പര്യമുള്ള വകുപ്പായിട്ടാണ് അങ്ങ് കാണുന്നത് ഫിഷറീസ് വകുപ്പ് എന്നുള്ള ഒരു പ്രത്യേകത അദ്ദേഹത്തിനുണ്ട്. ടൂറിസം പോകുമ്പോൾ കരയാത്ത മന്ത്രിയാണ് അദ്ദേഹം. അതുകൊണ്ട് ഈ ഫിഷറീസ് മേഖലയോട് താൽപ്പര്യമുള്ള മന്ത്രി എന്നുള്ള നിലയിൽ, അങ്ങയുടെ കാലത്തെങ്കിലും തലശ്ശേരിയിലെ ഫിഷിംഗ് ഹാർബർ നേടിയെടുക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകുമോ?

പ്രൊഫ. കെ. വി. തോമസ്: തലായി ഫിഷിംഗ് ഹാർബർ നടപ്പിലാക്കുന്നതിനാണ് ഗവണ്മെന്റ് പ്രയോറിറ്റി കൊടുത്തിട്ടുള്ളത്. അതിൽ ഉണ്ടായ ബുദ്ധിമുട്ട് ബഹുമാനപ്പെട്ട മെമ്പർക്കറിയാം. ഞങ്ങൾ ഇത് നടപ്പിലാക്കുന്നതിനുള്ള പ്രയോറിറ്റി കൊടുത്ത് മുന്നോട്ടുപോവുകയാണ്. ഈ പ്രാവശ്യം ഡൽഹിയിൽ പോയപ്പോഴും വളരെ പ്രയോറിറ്റി ഇതിനു കൊടുക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ എം.പി.മാർക്ക് പ്രത്യേകിച്ച് നോട്ടുകൊടുത്തിട്ടാണ് പോന്നത്. ചീഫ് എൻജിനീയർ (ഹാർബർ എഞ്ചിനീയറിംഗ്) അടുത്തയാഴ്ച ഡൽഹിയിൽ പോകുന്നുണ്ട്. മറ്റ് ടെക്നിക്കൽ കാര്യങ്ങൾ പറയുന്നത് ശരിയല്ല. ഏതായാലും ഇതിന് പ്രയോറിറ്റി കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. കെ. ബാവ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഫിഷ് ലാന്റിംഗ് സെന്ററുകളെ സഹകാര്യവൽക്കരിക്കുന്നില്ല എന്ന് അസന്നിഗ്ദ്ധമായി തന്നെ ഇവിടെ വെളിപ്പെടുത്തുകയുണ്ടായി. എന്നാൽ സർക്കാർ മേഖലയിൽ ഡിപ്പാർട്ടുമെന്റുതന്നെ മുൻകൈയെടുത്ത് ഇവിടെ പുതിയ ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി ഏതുവരെയായി, ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ എത്രയെണ്ണം കേന്ദ്ര ഗവണ്മെന്റിന്റെ മുമ്പാകെയുണ്ട്: അവയിൽ ഏതിനൊക്കെയാണ് അനുമതി കിട്ടിയിട്ടുള്ളത്. ഇനിയും അനുമതി കിട്ടിയിട്ടില്ലാത്തവയ്ക്ക് വളരെ പെട്ടെന്ന് അനുമതി വാങ്ങുന്നതിന് ഇന്നത്തെ പുതിയ സാഹചര്യം ഉപയോഗപ്പെടുത്തി നടപടി സ്വീകരിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: ഫിഷിംഗ് ഹാർബറുകൾ തുടങ്ങണമെങ്കിൽ കേന്ദ്ര ഗവണ്മെന്റിന്റെ അനുവാദം വേണം. അതുകൊണ്ടാണ് വളരെ മുന്നോട്ടു പോയ പല പ്രോജക്ടുകളും നമുക്ക് ഉദ്ദേശിച്ച വേഗത്തിൽ തീർക്കാൻ പറ്റാതെ വന്നിട്ടുള്ളത്. എന്നാൽ ലാന്റിംഗ് സെന്റേഴ്സിനെ സംബന്ധിച്ച് നമ്മളാണ് തീരുമാനമെടുക്കുന്നത്. അതുകൊണ്ട് നമ്മുടെ എം.എൽ.എ.-മാർ നിർദ്ദേശിച്ചിട്ടുള്ളതും ഞങ്ങൾ പഠിച്ചിട്ടുള്ളതുമായ ഏകദേശം ആറോളം ലാന്റിംഗ് സെന്ററുകൾ ഉണ്ട്. അതെല്ലാം നടപ്പിലാക്കുന്നതിനാണ് പുതിയ സമീപനം. ഇതിനുമുമ്പ് മൽസ്യഫെഡ് ഈ രംഗത്ത് വന്നിരുന്നില്ല. അവരെക്കൂടി നിയന്ത്രണത്തിൽ കൊണ്ടുവന്ന്, അവർക്ക് ഹഡ്കോ ഉൾപ്പെടെയുള്ള ഏജൻസികളുടെ സാമ്പത്തിക സഹായം കൊടുത്ത് മൽസ്യത്തൊഴിലാളികളുടെ നിയന്ത്രണത്തിൽ പുതിയ ലാന്റിംഗ് സെന്ററുകൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. അതിന് ഒരു തുടക്കമെന്ന നിലയിൽ മൂന്ന് ലാന്റിംഗ് സെന്ററുകൾ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളിൽ തുടങ്ങാൻ മൽസ്യഫെഡിന് നിർദ്ദേശം കൊടുത്തിരിക്കുകയാണ്.

ശ്രീ. ടി. കെ. ബാലൻ: എന്റെ നിയോജക മണ്ഡലത്തിലാണ് അഴീക്കൽ ഹാർബർ. ദിവസവും 500 ഫിഷിംഗ് ബോട്ടുകൾ അവിടെ വന്നുപോകുന്നുണ്ട്. ഏകദേശം മൂവായിരത്തോളം തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നതാണ്. പക്ഷെ, ഇപ്പോൾ ഈ ഫിഷിംഗ് ഹാർബറിൽ ആകെ ചെളിവന്ന് മൂടിക്കിടക്കുന്നു. ബോട്ടുകൾക്ക് സുഗമമായി പ്രവേശിക്കാൻ സാധിക്കുന്നില്ല. ചില ദിവസങ്ങളിൽ അപകടവും സംഭവിക്കുന്നുണ്ട്. ഈ കാര്യങ്ങൾ കണക്കിലെടുത്ത് അടിയന്തിരമായി ഫിഷിംഗ് ഹാർബർ ഡ്രഡ്ജ് ചെയ്യുന്നതു സംബന്ധിച്ച് ഗവണ്മെന്റ് വേണ്ടത്ര ശ്രദ്ധചെലുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ്: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ഗുരുതരമായ പ്രശ്നമാണ്. കഴിഞ്ഞ 10 വർഷങ്ങളായി കേരളത്തിലെ ഒരു ഫിഷിംഗ് ഹാർബറിലും മണ്ണ്മാറ്റൽ പ്രക്രിയ നടന്നിട്ടില്ല. അതിനുകാരണം അതിനാവശ്യമായ ബഡ്ജറ്ററി പ്രൊവിഷൻ ഇല്ലായിരുന്നുവെന്നതാണ്. ഈ പ്രാവശ്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 5 കോടി രൂപ തരാമെന്നു പറയുകയും അത് അഡ്ജസ്റ്റ് ചെയ്തുതരികയും ചെയ്തിട്ടുണ്ട്. വളരെ അഡ്വാൻസായി ഈ പ്രാവശ്യം നിവേദനം കൊടുക്കാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 40 കോടി രൂപ മൊത്തമായ മോഡേണൈസേഷനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇന്നലെ അതിന്റെ റിപ്പോർട്ട് കിട്ടി. തീർച്ചയായും 40 കോടി രൂപയിൽ നല്ലൊരു ശതമാനം കേരളത്തിനു കിട്ടും. അഡ്വാൻസായിട്ട് നമ്മൾ പ്രോജക്ടുകൾ കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ: കേരളത്തിലെ ഏതെങ്കിലും തീരദേശ നിയോജകമണ്ഡലം പൂർണ്ണമായും കടലിനോട് ബന്ധപ്പെട്ടുകിടക്കുന്നുണ്ടെങ്കിൽ അത് തൃശൂർ ജില്ലയിലെ നാട്ടികയാണ്. ആ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളും തീരദേശപഞ്ചായത്തുകളാണ്. വേറെ ഒരു നിയോജക മണ്ഡലത്തിലും പൂർണ്ണമായും എല്ലാ പ്രദേശവും തീരദേശത്തുള്ള മണ്ഡലം കേരളത്തിലില്ല. മധ്യ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട അഴിമുഖമാണ് ചേറ്റുവ. ചരിത്രപരമായി വളരെയേറെ പ്രസക്തിയുള്ളതാണ്. അവിടെ മണ്ണുമൂടി പൂർണ്ണമായും വള്ളങ്ങൾക്കു പോലും വരാൻ പറ്റാത്ത സ്ഥിതിയായിരിക്കുകയാണ്. പരീക്ഷണാർത്ഥത്തിൽ നമ്മുടെ ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റ് നേരത്തെ ഏറ്റവും വലിയ കപ്പൽ കൊണ്ടുവന്ന് ഒരു പരീക്ഷണം നടത്തി. ആ പരീക്ഷണം പൂർണ്ണമായും സക്സസല്ല എന്ന് ബോധ്യമായി. അതുകൊണ്ട് ഇപ്പോൾ ആരംഭിക്കാൻ പോവുകയാണ്. അതീവ ഗുരുതരമായ സ്ഥിതിയാണ് അവിടെ. പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്കുപോലും അഴി കടക്കാൻ പറ്റാത്തവിധം മണ്ണുമൂടി കിടക്കുന്ന ചേറ്റുവ അഴിമുഖം എത്രയും പെട്ടെന്ന് അഴിക്കകത്തും പുറത്തും ഡ്രഡ്ജിംഗ് നടത്തുവാൻ പ്രത്യേകമായ നിർദ്ദേശം കൊടുക്കുമോ? ഫണ്ട് വരുന്നതുവരെ ഇംപ്ലിമെന്റേഷന് കാത്തിരുന്നാൽ ഈ പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ജീവിതം പൂർണ്ണമായും വഴിമുട്ടും. ഇംപ്ലിമെന്റേഷന് കാലതാമസം ഒഴിവാക്കി ഇതിനുവേണ്ടി പ്രത്യേകമായി നടപടി സ്വീകരിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: ചേറ്റുവയിലെ ഗുരുതരമായ പ്രശ്നം മനസ്സിലാക്കിക്കൊണ്ടാണ് ഞങ്ങൾ അവിടെ ഡ്രഡ്ജിംഗ് ആരംഭിച്ചത്. ഏറ്റവും മോഡേൺ ഡ്രഡ്ജറാണ് അവിടെ അയച്ചത്. ആ ഡ്രഡ്ജിംഗ് പ്രായോഗികമായി നടക്കാത്തതുകൊണ്ടാണ് അത് വിത്ഡ്രാ ചെയ്തത്. പുതിയ ഡ്രഡ്ജിംഗ് നടത്തണം. ചേറ്റുവയ്ക്കു തന്നെയാണ് പ്രയോറിറ്റി കൊടുത്തിട്ടുള്ളത്. അതിന്റെ പ്രോസസ് മുന്നോട്ടുപോവുകയാണ്. ഏതായാലും ഫണ്ട് കൊടുത്തേ തുടങ്ങാനൊക്കുകയുള്ളൂ. എത്രയുംവേഗം തന്നെ ഉപയോഗപ്രദമാകുന്ന വിധത്തിൽ ഡ്രഡ്ജിംഗ് ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ്: സർ, പുതിയ ഫിഷിംഗ് ഹാർബർ ഗവൺമെന്റ് തലത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്നാൽ അതുകൊണ്ടുണ്ടാകുന്ന സൈഡ് ഇഫക്ടുകൾ മറ്റ് മേഖലകൾക്ക് ദോഷം വരാതെ സംരക്ഷിക്കുവാൻ ആവശ്യമായ ചില ഘടകങ്ങൾകൂടി ഉൾക്കൊള്ളിക്കാറുണ്ട്. പലപ്പോഴും അത് പൂർത്തീകരിക്കാറില്ല. ഉദാഹരണമായി കായംകുളം ഫിഷിംഗ് ഹാർബറിന് രൂപംകൊടുത്തു നടപ്പാക്കിയപ്പോൾ അതിന്റെ പൊഴി അഴിയായി മാറിയതുകൊണ്ട് അതിന് സമീപത്തുള്ള തോടുകളിലൂടെ ഉപ്പുവെള്ളം കയറിയാണ് കഴിഞ്ഞ സീസണിൽ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ നെൽക്കൃഷി വ്യാപകമായി തകർന്നത്. ഇപ്പോഴും ആ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ കായംകുളം ഫിഷിംഗ് ഹാർബർ രൂപീകരിക്കുമ്പോൾ തോടുകളിലൂടെ ഉപ്പുവെള്ളം കയറാതിരിക്കുവാൻ ആവശ്യമായ ബണ്ടുകളും ഷട്ടറുകളും ഇടുന്നതിന് ആ പദ്ധതിയിൽ വിഭാവന ചെയ്തതുപോലുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

പ്രൊഫസർ കെ.വി. തോമസ്: മേജർ ഫിഷിംഗ് ഹാർബറുകൾ തുടങ്ങുന്നത് ഒരു ബൃഹത്തായ പഠനത്തിനുശേഷമാണ്. കായംകുളവും അങ്ങനെ തുടങ്ങിയ പ്രോജക്ടാണ്. പക്ഷേ അത് തുടക്കത്തിലേ കല്ലുകടിച്ചു. അതിന്റെ കോൺട്രാക്ടർ തർക്കമായി, കേസ്സായി. അഞ്ചുവർഷം മുടങ്ങിക്കിടന്നതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം തുടങ്ങി. അതിന്റെ ഒരു ഭാഗമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. രണ്ടാമത്തെ ഭാഗംകൂടി വളരെ വേഗത്തിൽ തുടങ്ങാനുള്ള സാമ്പത്തിക അനുവാദം കൊടുത്തിട്ടുണ്ട്. ആ പ്രോജക്ട് മൊത്തമായി തീർന്നാൽ ഈ പ്രശ്നമൊക്കെ അവസാനിക്കും.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, തോപ്പുംപടി ഫിഷിംഗ് ഹാർബറിന് ചില പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ളതാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ പോർട്ട് നേരിട്ട് ഭരണം നടത്തുന്ന ഫിഷിംഗ് ഹാർബറാണ്. ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുന്നവിധത്തിൽ അവിടെ ഒരു മോഡണൈസേഷനും ടെക്നോളജി അപ്ഗ്രഡേഷനും അനിവാര്യമായിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുംകൂടി സഹകരിച്ച് ആ കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ മുന്നോട്ടുവരുമോ?

പ്രൊഫസർ കെ. വി. തോമസ്: കേന്ദ്ര ഗവൺമെന്റിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള കൊച്ചി തുറമുഖം അധികാരികൾ മാനേജുചെയ്യുന്നതാണ്. തോപ്പുംപടി ഫിഷിംഗ് ഹാർബർ. അവിടെ ചില പ്രശ്നങ്ങളുണ്ട്. ടെക്നിക്കൽ എന്നതിനേക്കാൾ അവിടത്തെ യൂണിയനുകളിലെ പ്രശ്നമാണ്. ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞും ശ്രീ. ഡൊമിനിക് പ്രസന്റേഷനും ബന്ധപ്പെട്ട് ആ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾക്ക് നമുക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞാൽ കേരളത്തിലെതന്നെ ഏറ്റവും നല്ല ഹാർബറായി അതിനെ വികസിപ്പിക്കുവാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾതന്നെ പത്തുകോടിരൂപ മോഡണൈസേഷനുവേണ്ടി അനുവദിച്ചിട്ടുണ്ട്. അവിടത്തെ ചെറിയ ചെറിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രണ്ട് എം.എൽ.എ.മാരും

LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട്. അവിടത്തെ യൂണിയനുകളും സഹകരിക്കുന്നുണ്ട്. പക്ഷേ പ്രശ്നം മുഴുവൻ പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. അത് പരിഹരിക്കുന്നതോടുകൂടി നമുക്ക് മോഡണൈസ് ചെയ്യാം.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, മൽസ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് സെന്ററുകളുമാണ് ഒറിജിനൽ ചോദ്യം. 1962-ൽ തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇനി വളരെ കുറച്ചു പണികളേ ചെയ്യാനുള്ളൂ. ഡ്രഡ്ജിംഗ്, മൽസ്യബന്ധന തുറമുഖത്തേയ്ക്കുള്ള റോഡ് തുടങ്ങിയവയാണ്. അവ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് തുറമുഖം കമ്മീഷൻ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

പ്രൊഫസർ കെ. വി. തോമസ്: ഈ പ്രോജക്ട് സമയബന്ധിതമായി തീർക്കുവാൻ കഴിയാത്തത് അവിടത്തെ സാമൂഹ്യ പ്രശ്നമാണ്. ഇൻഡ്യയിൽത്തന്നെ ഇത് പത്തുമുപ്പതുവർഷക്കാലമെടുത്ത പ്രോജക്ടാണ്. 90 ശതമാനവും പണി തീർത്തിട്ടുണ്ട്. ഇനി ഒന്നുരണ്ട് ചെറിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമം നടക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെയുള്ളവർ ധാരാളം സഹകരിക്കുന്നുണ്ട്. ചെറിയ ഒന്നുരണ്ട് പ്രശ്നങ്ങൾ ഞാൻ ഇപ്പോൾ പറയുവാൻ ഉദ്ദേശിക്കുന്നില്ല. അത് അദ്ദേഹത്തിന് അറിയാം. ആ പ്രശ്നങ്ങൾകൂടി തീർന്നാൽ നമുക്ക് ഈ വർഷം ഡിസംബർ മാസത്തിൽത്തന്നെ കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

ശ്രീ. കെ. സി. വേണുഗോപാൽ: കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ ഒരു നയമാണ് ഇന്നലെ അങ്ങ് അവതരിപ്പിച്ചത്. പക്ഷേ നയത്തിന്റെയല്ല പ്രശ്നം. മൽസ്യബന്ധന വകുപ്പ് നടപ്പിലാക്കുന്ന പല നടപടികളും മൽസ്യഫെഡ് അടക്കമുള്ള ഏജൻസികൾ രാഷ്ട്രീയ പ്രേരിതമായിട്ട് മാത്രമാണ് കാര്യങ്ങൾ നടത്തുന്നത്. ഗവൺമെന്റിന്റെ ഇച്ഛാശക്തി അവർക്ക് ബാധകമല്ല. മൽസ്യബന്ധന തുറമുഖങ്ങളെക്കുറിച്ചും ഫിഷ് ലാന്റിംഗ് സെന്ററിനെക്കുറിച്ചുമാണ് ചോദ്യം. മിനിഹാർബർ ആയാലും ഫിഷ് ലാന്റിംഗ് സെന്ററുകളായാലും ഇവയെ മുന്നോട്ടുകൊണ്ടുപോകാൻ മൽസ്യബന്ധനത്തിന് ഏറ്റവും ആവശ്യമായത് മണ്ണെണ്ണയാണ്. ഈ പുതിയ ബഡ്ജറ്റിൽപ്പോലും മണ്ണെണ്ണയുടെ കോട്ട വെട്ടിക്കുറച്ചിരിക്കുകയാണ്. മൽസ്യത്തൊഴിലാളികളുടെ ഉപജീവന ആവശ്യത്തിന് മണ്ണെണ്ണയുടെ കോട്ട വർദ്ധിപ്പിക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചില്ലെങ്കിൽ ആ മേഖലയിൽ പട്ടിണി കൂടുതലാകുകയേയുള്ളൂ. ഇത് പരിഹരിക്കുവാനുള്ള എന്തെങ്കിലും നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

പ്രൊഫസർ കെ.വി. തോമസ് : കേരളത്തിലെ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ന്യായമായ വിലയ്ക്ക് മണ്ണെണ്ണ കിട്ടുന്നില്ല എന്നതാണ്. നമ്മുടെ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിൽ കിട്ടുന്ന മണ്ണെണ്ണയുടെ ഒരു ചെറിയ ശതമാനം മാത്രമാണ് ഇപ്പോൾ മൽസ്യത്തൊഴിലാളികൾക്ക് പി.ഡി.എസ്. വിലയിൽ കിട്ടുന്നത്. ഈ ഗവൺമെന്റും ഇതിനു മുമ്പുണ്ടായിരുന്ന ഗവൺമെന്റുമൊക്കെ മണ്ണെണ്ണ

LIBRARY, ARCHIVES Kerala Legislative Assembly

സബ്സിഡൈസ്ഡ് റേറ്റിൽ കൊടുക്കണമെന്ന് പല പ്രാവശ്യം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇൻഡ്യ ബോട്ടുകൾക്ക് ഡീസൽ സബ്സിഡി കൊടുക്കുന്നുണ്ട്. പക്ഷെ മണ്ണെണ്ണയ്ക്ക് കൊടുക്കുന്നില്ല. ഈ പുതിയ ഗവൺമെന്റ് വന്നതിനുശേഷം ഞാൻ രണ്ട് പ്രാവശ്യം ഡൽഹിയിൽപ്പോയി നേരിട്ട് പെട്രോളിയം മിനിസ്റ്ററെ കണ്ടു, ശ്രീ. ശരത്പവാറിനെ കണ്ടു. മുഖ്യമന്ത്രിതന്നെ നേരിട്ട് കത്തയച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് 24 ശതമാനം ടാക്സ് ഉണ്ടായിരുന്നത് 13 ശതമാനമാക്കി. ഇതൊക്കെ ഉണ്ടെങ്കിൽപ്പോലും ഗവൺമെന്റിന്റെ ഇപ്പോഴത്തെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം മണ്ണെണ്ണ ന്യായവിലയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുക എന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കഴിഞ്ഞ 25 കൊല്ലത്തിനുള്ളിൽ ഏറ്റവും വലിയ കടൽക്ഷോഭമായിരുന്നു ഈ കൊല്ലം ഉണ്ടായത്. അതിന്റെ ഫലമായി പുതിയാപ്പ ഫിഷിംഗ് ഹാർബർപോലുള്ള ഹാർബറുകളിൽ മണ്ണിടിഞ്ഞുവീണ് ബോട്ടുകൾ തട്ടി അപകടമുണ്ടായി മരണം സംഭവിച്ചു. ഇവിടെ Capital dredging-ഉം മൈനർ ഡ്രഡ്ജിംഗും നടത്തുന്നതിനുവേണ്ടി ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് ഡ്രഡ്ജിംഗ് സംവിധാനം കാര്യമായിട്ട് ഇല്ലാത്ത നിലയ്ക്ക് മറ്റ് ഏജൻസികളുടെ പിൻബലം ഇതിൽ ലഭ്യമാക്കി ഡ്രഡ്ജിംഗ് ഒരു പ്രധാന ഘടകമാക്കി മാറ്റിയെടുക്കുവാൻ സാധിക്കുമോ?

പ്രൊഫസർ കെ. വി. തോമസ്: ശ്രീ. എ.സി. ഷൺമുഖദാസിന്റെ സാന്നിദ്ധ്യത്തിൽതന്നെ ഒരു ചർച്ച ഇത് സംബന്ധിച്ച് കോഴിക്കോട് നടന്നു. അതിനെ തുടർന്ന് ഗവൺമെന്റ് ഓഫ് ഇൻഡ്യയുമായി ബന്ധപ്പെട്ടു. നീണ്ടകര, ചോമ്പാൽ, മാപ്പിളബേ, പുതിയാപ്പ എന്നീ ഹാർബറുകളുടെ ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് പണം അനുവദിച്ചു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കാസർകോഡ് ഫിഷിംഗ് ഹാർബറിന്റെ ഫോറസ്റ്ററി റിപ്പോർട്ടും പരിസ്ഥിതി റിപ്പോർട്ടുമൊക്കെ ലഭിച്ച സാഹചര്യത്തിൽ, പ്രാരംഭ പ്രവർത്തനങ്ങളെല്ലാം പൂർത്തിയായ സാഹചര്യത്തിൽ അതിന്റെ പണി ആരംഭിക്കുവാൻ കഴിയുമോയെന്ന് ബഹുമാനപ്പെട്ട മിനിസ്റ്റർ വ്യക്തമാക്കുമോ?

പ്രൊഫസർ കെ. വി. തോമസ്: കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പണി ഏത് നിമിഷത്തിലും തുടങ്ങാവുന്ന വിധത്തിലുള്ള ഭരണാനുമതി കൊടുക്കുകയും ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. എത്രയുംപെട്ടെന്ന് അതിന്റെ പണി ആരംഭിക്കും.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, എന്റെ നാട്ടിൽ ഈ ആഴ്ച പോകുവാൻ പറ്റാത്ത അവസ്ഥയാണ്. ബേപ്പൂർ തുറമുഖം എന്റെ മണ്ഡലത്തിലാണ്. ബേപ്പൂർ തുറമുഖം പൊളിഞ്ഞ് താറുമാറായിക്കിടക്കുകയാണ്. അതിന്റെ വികസനത്തെപ്പറ്റി സംസാരിച്ചപ്പോൾ കേന്ദ്രത്തിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് ഉടനെ ലഭിക്കുമെന്ന് മന്ത്രി പറഞ്ഞതുകൊണ്ട് സമാധാനിച്ചിരിക്കുകയായിരുന്നു. നവീകരിക്കുന്ന തുറമുഖങ്ങളുടെ ലിസ്റ്റിൽ മന്ത്രി ബേപ്പൂർ പറഞ്ഞില്ല. ബേപ്പൂർ അതിൽ ഉൾപ്പെടുത്തി നവീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ബോട്ടുകളുടേയും ആളുകളുടേയും എണ്ണം വർദ്ധിച്ചിരിക്കുകയാണ്. അവിടെ സ്ഥലത്തിന്റെ പരിമിതിയുണ്ട്. വളരെ ഗുരുതരമായ പ്രശ്നമുണ്ട്. എനിക്ക് നാട്ടിൽപ്പോകുവാൻ കഴിയില്ല. നവീകരിക്കുന്ന തുറമുഖങ്ങളുടെ ലിസ്റ്റിൽ ബേപ്പൂർ തുറമുഖത്തെക്കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

പ്രൊഫസർ കെ. വി. തോമസ്: അങ്ങേയ്ക്ക് ധൈര്യമായിട്ട് ബേപ്പൂരിലേയ്ക്ക് പോകാം. ഞാൻ അദ്ദേഹത്തോടൊപ്പം കഴിഞ്ഞ ആഴ്ച പോയതാണ്. അത് ഇപ്പോൾ പ്രത്യേകിച്ച് പറയാത്തത് മുനമ്പം മോഡൽ വരുകയാണ്. അതേ മോഡലിൽ മലബാറിൽ വരുന്നത് ബേപ്പൂരാണ്. തിരുവിതാംകൂറിൽ വരുന്നത് നീണ്ടകരയാണ്. അതുകൊണ്ടാണ് അത് പ്രത്യേകിച്ച് പറയാതിരുന്നത്. ഇത് രണ്ടും ഏറ്റവും പ്രധാനപ്പെട്ട പ്രോജക്ടുകളാണ്. ഓരോ മോഡലിനും ഗവൺമെന്റ് ഓഫ് ഇൻഡ്യ പണം തരുന്നുണ്ട്. ഇത് അപ്രൂവ് ചെയ്തിട്ടുണ്ട്. ബേപ്പൂരും നീണ്ടകരയും മുനമ്പം മോഡലിലാണ് വരുന്നത്.

ശ്രീ. കെ. ബാബു: സർ, ഫിഷ് ലാന്റിംഗ് സെന്ററുകൾക്കും ഫിഷറീസ് റോഡുകൾക്കും കഴിഞ്ഞ ബഡ്ജറ്റിൽപണം ഉണ്ടായിരുന്നോ; ആ പണം ഗവൺമെന്റ് ഉപയോഗിച്ചിട്ടുണ്ടോ; എറണാകുളം ജില്ലയിൽ ഉദയംപേരൂർ പഞ്ചായത്തിൽ ഉൾനാടൻ മൽസ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ അധിവസിക്കുന്ന പ്രദേശമാണ്. അവിടെ ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പല പ്രാവശ്യം പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ ആ പദ്ധതി ഇതുവരെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പല പദ്ധതികൾക്കും അനുകൂലമായ നിലപാടാണ് സ്വീകരിക്കുന്നതെങ്കിലും ഫിഷറീസ് സെക്രട്ടറി ഈ പദ്ധതികൾ തകർക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. അതിന്റെ ഫലമായി രണ്ടരക്കോടി രൂപ ഫിഷറീസ് റോഡുകൾക്കുവേണ്ടി കഴിഞ്ഞ വർഷം നഷ്ടപ്പെട്ട കാര്യം അങ്ങേയ്ക്ക് അറിയാമോ?

പ്രൊഫ. കെ. വി. തോമസ്: സർ, ഈ ഡിപ്പാർട്ട്മെന്റിലുണ്ടാകുന്ന ഏതു കോട്ടങ്ങളും ഞാൻ തന്നെ ഏറ്റെടുക്കും. എന്റെ ഉദ്യോഗസ്ഥന്മാരിലേയ്ക്ക് ഞാൻ അത് പങ്കു വയ്ക്കാറില്ല. കഴിഞ്ഞ വർഷം രണ്ടര കോടി രൂപ റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി മാറ്റിവച്ചു. ചില പ്രത്യേക സാഹചര്യങ്ങളാൽ അതു ചെലവാക്കാൻ പറ്റിയില്ല. ഇപ്പോൾ എനിക്ക് സമയ്ക്ക് ഉറപ്പു നൽകാൻ കഴിയും, ആ തുക ഉൾപ്പെടെ എടുത്തുകൊണ്ട് കഴിഞ്ഞ തവണ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്ത എല്ലാ റോഡുകളും ഉൾപ്പെടുത്തി നിർമ്മാണം ആരംഭിക്കും. ഉദയംപേരൂർ ലാൻഡിംഗ് സെന്റർ വളരെ വേഗം നടപ്പിലാക്കും.

ശ്രീ. പി. ജയരാജൻ: സർ, ഇന്നലെ സഭയിൽ സർക്കുലേറ്റ് ചെയ്തിട്ടുള്ള മൽസ്യ മേഖലാ വികസന നയത്തിൽ ആറാം നയമായിട്ട് പറയുന്നത് കേരളത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള fish exporting unit സ്ഥാപിക്കുന്നതിന് വിദേശമൂലധന നിക്ഷേപം സ്വീകരിക്കുമെന്നാണ്. അക്കാര്യത്തിൽ ഇതിനകം എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പാകെ വന്നിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ്: സർ, നിർദ്ദേശമൊന്നും വന്നിട്ടില്ല.

ശ്രീ. ഡി. സുഗതൻ: സർ, എന്റെ മണ്ഡലത്തിലെ തോട്ടപ്പള്ളിയിൽ ഒരു ഫിഷിംഗ് ഹാർബർ അനുവദിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ അങ്ങുതന്നെ പത്രസമ്മേളനത്തിൽ പറയുകയുണ്ടായി. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ?

പ്രൊഫ. കെ. വി. തോമസ്: സർ, എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉദ്ഘാടനം ചെയ്യണമെന്നുണ്ടോ അന്ന് ഇത് ഉദ്ഘാടനം ചെയ്യാൻ തയ്യാറാണ്. അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ കൊടുത്തു, ടെണ്ടർ വിളിച്ചു. എന്ന് ഉദ്ഘാടനം ചെയ്യണമെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ഫിക്സ് ചെയ്താൽ അന്നു നടത്താം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെക്കൂടി വിളിക്കണം.

നദികളുടെ പുനർജ്ജീവന പദ്ധതികൾ.

*2 [302] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

" വർക്കല കഹാർ:

" കെ. മുഹമ്മദാലി:

" എം. കെ. പോൾസൺ മാസ്റ്റർ:

" ഡി. സുഗതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയെ പുനർജ്ജീവിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) സംസ്ഥാനത്താകെയുള്ള 44 നദികളും അമിതമായ മണൽവാരൽമൂലവും മലിനീകരണംമൂലവും നാശത്തിന്റെ ഭീഷണിയിലാണ്.

(ബി) നദികളെ സംരക്ഷിക്കുന്നതിന്റെ ആദ്യപടിയായി 9 നദികളെ സംരക്ഷിത നദികളായി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട നദികളിലും ജലാശയങ്ങളിലും മോണിറ്ററിംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്തി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലഗുണനിലവാര പഠനം നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ പത്തു പ്രധാനപ്പെട്ട നദികളായ കരമനയാർ, കല്ലടയാർ, അച്ചൻകോവിലാർ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടിയാർ, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണംപുഴ

LIBRARY ARCHIVES Kerala Legislative Assembly